63/DGE/HSE/NSS/2024


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി ഉള്ളൂർ ലെയിൻ (Opp. New Building)
തിരുവനന്തപുരം
04712323023
dhsensskerala@gmail.com


തീയതി : 11.09.2024

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസവകുപ്പ് ഹയർ സെക്കന്ററി വിഭാഗം എൻ.എസ്.എസ്. – സംസ്ഥാന പോലീസ് വകുപ്പിന്റെ പോൾ ബ്ലഡ്-ആപ്പ് സംവിധാനവുമായി ചേർന്ന് – രക്തദാന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന : 1) പൊതുവിദ്യാഭ്യാസവകുപ്പ് അണ്ടർ സെക്രട്ടറിയുടെ 08/08/2023 ലെ സ.ഉ.(സാധാ) നം.4577/2023 GEDN നമ്പർ ഉത്തരവ്

2) എൻ.എസ്.എസ്. ഹയർ സെക്കന്ററി ഉപദേശകസമിതി തീരുമാനം നം. 30

3) പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ 8/7/2024 ലെ 63/DGE/HSE/NSS/2024 നമ്പർ സർക്കുലർ

സൂചനകൾ പ്രകാരം എൻ.എസ്.എസ്. യൂണിറ്റുകളിൽ നിന്നും സന്നദ്ധരക്തദാനം പ്രമേയമായിവരുന്ന ഹ്രസ്വചിത്ര മത്സരം സംഘടിപ്പിക്കുന്നു. മത്സരത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. **ഹ്രസ്വചിത്ര നിർമ്മാണം**

- സന്നദ്ധരക്തദാനം എന്ന വിഷയം സംബന്ധിച്ച ഹ്രസ്വചിത്രം
- അഞ്ച് മിനിറ്റ് പരമാവധി ദൈർഘ്യം
- സംവിധാനം, ചിത്രീകരണം, എഡിറ്റിംഗ്, ഡബ്ബിങ് തുടങ്ങി ഹ്രസ്വചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും വിദ്യാർത്ഥികൾതന്നെ ചെയ്യണം.
- മൊബൈൽ ക്യാമറയോ വീഡിയോ ക്യാമറയോ ഉപയോഗിക്കാം.
- ഹ്രസ്വചിത്രം പെൻഡ്രൈവിൽ ആക്കി അതാത് ജില്ലാ കൺവീനർമാർക്ക് സെപ്റ്റംബർ 30 നു മുമ്പായി അയക്കുക. അതോടൊപ്പം വിദ്യാർത്ഥികൾ സ്വന്തമായി തയ്യാറാക്കിയതാണെന്നുള്ള സ്കൂൾ പ്രിൻസിപ്പലിന്റെ സർട്ടിഫിക്കറ്റ് കൂടി അയക്കുക.
- ജില്ലാതലത്തിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് ചിത്രങ്ങൾ സംസ്ഥാനതല വിലയിരുത്തലിനുവേണ്ടി ജില്ലാ കൺവീനർമാർ ഒക്ടോബർ 5 ന് മുൻപായി സംസ്ഥാന സെല്ലിൽ അയച്ചു നൽകേണ്ടതാണ്.
- ജില്ലാതല വിലയിരുത്തലിനായി ടി മേഖലയിലെ പരിചയ സമ്പന്നരായവരെ ചേർത്ത് റീജിയണൽ കൺവീനർമാരുമായി ചർച്ച ചെയ്ത് പാനൽ തയ്യാറാക്കി എൻ.എസ്.എസ്. സെല്ലിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- കൂടുതൽ വിവരങ്ങൾക്ക് സൂചന (3) ജീവദ്യുതി പോൾ ബ്ലഡ് ആക്ഷൻ പ്ലാൻ സർക്കുലർ കാണുക.

പ്രോഗ്രാം കോ-ഓർഡിനേറ്റർ